# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 30.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനത്തിൽ രാജ്യത്തിൻറെ ശ്രദ്ധാഞ്ജലി. രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള നേതാക്കൾ രാജ്ഘട്ടിലെത്തി ഗാന്ധിജിയ്ക്ക് ആദരം അർപ്പിച്ചു.

**The nation paid tribute on the 78th Martyrdom Day of the Father of the Nation, Mahatma Gandhi. Leaders including the President, Vice President, and Prime Minister paid homage to Gandhiji at Rajghat.**

2) ആഗോള സാമ്പത്തിക വെല്ലുവിളികൾക്കിടയിലും രാജ്യം അതിവേഗം മുന്നേറുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ മറ്റന്നാൾ പാർലമെൻറിൽ അവതരിപ്പിക്കും.

**Despite global economic challenges, the country is progressing at a rapid pace, said Prime Minister Narendra Modi. Union Finance Minister Nirmala Sitharaman will present the Union Budget in Parliament on February 1st.**

3) അസമിലെ ദിബ്രുഗഢിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

**Union Home Minister Amit Shah launched various development projects in Dibrugarh, Assam.**

4) സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കാൻ ഇന്ന് കൂടി അവസരം.

**Today is the last day to submit complaints related to the draft voters' list as part of the special intensive revision of the electoral rolls in Kerala.**

5) ഇന്ത്യ-ന്യൂസിലാൻറ് ടി–ട്വൻറി ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ തിരുവനന്തപുരത്ത്.

**The final match of the India–New Zealand T20 cricket series will be played tomorrow in Thiruvananthapuram.**

6) ഇന്ത്യയും യൂറോപ്യൻ യൂണിയനുമിടയിലെ സ്വതന്ത്ര വ്യാപാര കരാറിനെ സ്വാഗതം ചെയ്ത് യുഎൻ മേധാവി അൻറോണിയോ ഗുട്ടറസ്.

**Citing the free trade agreement sealed between India and the EU recently, United Nations chief Antonio Guterres underlined the need to support multi-polarity, emphasising that global problems will not be solved by one power.**

*************************************

## MARTYRDOM DAY - MAHATMA GANDHI

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് രാജ്യം. ഗാന്ധിജി അന്ത്യവിശ്രമം കൊള്ളുന്ന ന്യൂഡൽഹിയിലെ രാജ്ഘട്ടിൽ ഇന്ന് സർവമത പ്രാർത്ഥന നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കൾ രാജ്ഘട്ടിലെത്തി മഹാത്മാഗാന്ധിക്ക് ആദരം അർപ്പിച്ചു. വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യയ്ക്കായുള്ള സ്വദേശി പ്രസ്ഥാനത്തിന് ഗാന്ധിജി എക്കാലവും പ്രാധാന്യം നൽകിയിരുന്നതായി പ്രധാനമന്ത്രി അനുസ്മരിച്ചു. ഗാന്ധിജിയുടെ വ്യക്തിത്വവും പ്രവർത്തനങ്ങളും ജനങ്ങളെ കർത്തവ്യത്തിന്റെ

പാതയിലൂടെ സഞ്ചരിക്കാൻ പ്രചോദിപ്പിക്കുമെന്നും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് രാജ്യമെമ്പാടും ഇന്ന് അനുസ്മരണ പരിപാടികൾ നടക്കുന്നുണ്ട്. ആദരസൂചകമായി രണ്ട് മിനിറ്റ് നേരത്തെ മൗനാചരണവും ഇന്ന് നടന്നു.

*****************************************

## PM – ECONOMIC SURVEY

പാർലമെൻറിൽ അവതരിപ്പിച്ച സാമ്പത്തിക സർവേ രാജ്യത്തെ പരിഷ്കരണ പ്രവർത്തനങ്ങൾ സ്ഥിരതയോടും ലക്ഷ്യബോധത്തോടും മുന്നോട്ട് പോകുന്നതിൻറെ തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോള വെല്ലുവിളികൾക്കിടയിലും രാജ്യം അതിവേഗം മുന്നേറുന്നതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. രാജ്യത്തിൻറെ സാമ്പത്തിക അടിത്തറയുടെ ശക്തി, വളർച്ച, നവീകരണം, സമഗ്ര വികസനം എന്നിവയ്ക്കുള്ള കേന്ദ്ര സർക്കാരിൻറെ തുടർച്ചയായ ശ്രമങ്ങളെ സാമ്പത്തിക സർവേ പ്രതിഫലിപ്പിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. ബജറ്റിന് മുന്നോടിയായാണ് ഇന്നലെ 2025-26 ലെ സാമ്പത്തിക സർവേ പാർലമെൻറിൻറെ മേശപ്പുറത്ത് വച്ചത്. മറ്റന്നാളാണ് കേന്ദ്രബജറ്റ്. ധനമന്ത്രി നിർമല സീതാരാമൻ രാവിലെ 11 ന് ബജറ്റ് അവതരിപ്പിക്കും. ശ്രീമതി സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒൻപതാമത്തെ ബജറ്റ് എന്ന പ്രത്യേകതയും ഇത്തവണയുണ്ട്.

*****************************************

## WORLD BANK PRESIDENT AJAY BANGA (INTRO)

ഇന്ത്യയുടെ പ്രതീക്ഷിത സാമ്പത്തിക വളർച്ചാ നിരക്കിൽ ആത്മവിശ്വാസം പ്രകടിപ്പിച്ച് ലോകബാങ്ക് പ്രസിഡൻറ് അജയ് ബംഗ. സാമ്പത്തിക സർവേയിൽ പ്രവചിച്ചിരിക്കുന്ന വളർച്ചാ നിരക്ക്

ഇന്ത്യ കൈവരിക്കുമെന്ന ശുഭപ്രതീക്ഷയും അദ്ദേഹം പങ്കുവച്ചു (ഹോൾഡ് )

കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയിലെ അടിസ്ഥാന സൗകര്യ മേഖലയിൽ നടന്ന നിക്ഷേപങ്ങൾ പ്രശംസനീയമാണെന്നും ലോകബാങ്ക് പ്രസിഡൻറ് പറഞ്ഞു. രാജ്യത്തെ യുവജനങ്ങളുടെ നൈപുണ്യ പരിശീലനം, 2047 ഓടെ വികസിത് ഭാരത് എന്ന ലക്ഷ്യത്തിലെത്തുന്നതിൽ പ്രധാനമാണെന്നും അദ്ദേഹം വ്യക്തമാക്കി.

******************************************

## AMIT SHA- ASSAM

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അസമിലെ ദിബ്രുഗഢിൽ നിരവധി വികസന പദ്ധതികൾക്ക് അൽപസമയം മുൻപ് തുടക്കം കുറിച്ചു. അസം നിയമസഭയുടെ രണ്ടാം മന്ദിര സമുച്ചയം, എംഎൽഎ ഹോസ്റ്റൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈൽഡ്ലൈഫ് ഹെൽത്ത് ആൻഡ് റിസർച്ച് എന്നിവയുടെ ശിലാസ്ഥാപനം കേന്ദ്ര ആഭ്യന്തരമന്ത്രി നിർവഹിച്ചു. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയ്ക്ക് ശ്രീ അമിത് ഷാ ചടങ്ങിൽ ആദരം അർപ്പിച്ചു. 35,000 പേരെ ഉൾക്കൊള്ളാൻ കഴിയുന്ന അത്യാധുനിക സ്റ്റേഡിയത്തിന്റെ ആദ്യ ഘട്ട ഉദ്ഘാടനവും, രണ്ടാം ഘട്ടത്തിന് തറക്കല്ലിടലും ശ്രീ അമിത് ഷാ നിർവഹിച്ചു. കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നരേന്ദ്രമോദി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചതായി അദ്ദേഹം പറഞ്ഞു. യുവ കായിക താരങ്ങൾക്ക് സർക്കാർ എല്ലാ പിന്തുണയും നൽകുന്നതായും അദ്ദേഹം പറഞ്ഞു. ഗുവാഹത്തിയിൽ ബിജെപി ആസ്ഥാനത്ത് പാർട്ടി പ്രവർത്തകരുമായി അദ്ദേഹം ഇന്ന് വൈകുന്നേരം സംവദിക്കും.

******************************************

## PRAGATI SPECIAL STORY (INTRO)

ഭരണ സജീവതയും, സമയബന്ധിതമായ പദ്ധതി നടപ്പാക്കലും ലക്ഷ്യമിട്ട് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രഗതി സംരംഭം 50 യോഗങ്ങൾ വിജയകരമായി പൂർത്തിയാക്കി. സുപ്രധാന അടിസ്ഥാന സൗകര്യ പദ്ധതികളുമായി ബന്ധപ്പെട്ട തടസ്സങ്ങളും, പരാതികളും തത്സമയം നിരീക്ഷിച്ച് പരിഹാരം കണ്ടെത്തുന്നതിൽ പ്രഗതി പോർട്ടൽ നിർണായക പങ്ക് വഹിക്കുന്നു. ജൽശക്തി മന്ത്രാലയത്തിൻറെ വിവിധ പദ്ധതികളുടെ നിർവഹണത്തിൽ പ്രഗതി പ്ലാറ്റ്ഫോം വളരെയേറെ സംഭാവനകൾ നൽകിയിട്ടുണ്ട്.

**വിശദാംശങ്ങളിലേക്ക്----**

**(വോയ്സ്)**

കേന്ദ്ര ജലവിഭവ വകുപ്പിൻറെ രണ്ട് ലക്ഷത്തി 86,343 കോടി രൂപയുടെ 93 ഓളം പദ്ധതികളാണ് പ്രഗതി സംരംഭത്തിലൂടെ നിരീക്ഷിച്ചു വരുന്നത്. ജലസേചനം, മലിനജല സംസ്കരണം, നദീ വികസനം, ഗംഗ പുനരുജ്ജീവനം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളാണിവ. പ്രഗതിയിലൂടെ നിരീക്ഷിച്ചു വരുന്ന 66 ജലസേചന പദ്ധതികൾക്ക് 43,583 കോടി രൂപയോളമാണ് ചെലവ് വരുന്നത്. ഇതിൽ ഒരു പദ്ധതി കമ്മീഷൻ ചെയ്തതിന് പുറമേ, 9 പദ്ധതികൾ നടപ്പാക്കലിൻറെ വിവിധ ഘട്ടങ്ങളിലുമാണ്. 27 ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട 126 പ്രശ്നങ്ങളാണ് പ്രഗതിയുടെ പരിഗണനയിൽ വന്നത്. ഇതിൽ 106 എണ്ണം പരിഹരിക്കാൻ സാധിച്ചതിനു പുറമേ 20 പ്രശ്നങ്ങൾ സൂക്ഷ്മമായി അവലോകനം ചെയ്ത് വരികയാണ്. **ന്യൂസ് ഡസ്ക്, ആകാശവാണി**

**************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

******************************************

## VOTERS LIST

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. കരടു വോട്ടർ പട്ടികയിലുള്ള അനർഹരുടെ പേരു നീക്കം ചെയ്യുന്നതിന് 16,007 അപേക്ഷകൾ നേരിട്ടും പേര് ഉൾപ്പെടുത്തുന്നതിന് 9 ലക്ഷത്തി 27,484 അപേക്ഷകളും ലഭിച്ചു. അന്തിമ വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും.

******************************************

## V. SRINIVASAN PASSED AWAY

രാജ്യസഭാ എംപിയും ഇന്ത്യൻ ഒളിംപിക്സ് അസോസിയേഷൻ പ്രസിഡന്റുമായ പി ടി ഉഷയുടെ ഭർത്താവ് വി ശ്രീനിവാസൻ അന്തരിച്ചു. 64 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് കോഴിക്കോട് പെരുമാൾപുരത്തെ വീട്ടിൽ ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം. പൊന്നാനി സ്വദേശിയായ വി ശ്രീനിവാസൻ മുൻ കബഡി താരവും CISF -ലെ മുൻ ഡിവൈഎസ് പിയുമായിരുന്നു. വി.ശ്രീനിവാസൻറെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കൾ അനുശോചനം രേഖപ്പെടുത്തി.

******************************************

## NATIONAL ANTI LEPROSY DAY

ഇന്ന് ദേശീയ കുഷ്ഠരോഗ നിർമാർജ്ജന ദിനം. കുഷ്ഠരോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും, രോഗ നിർണയവും ചികിത്സയും പ്രോത്സാഹിപ്പിക്കുന്നതിനാണ് എല്ലാ വർഷവും ജനുവരി 30 ന് ദേശീയ കുഷ്ഠരോഗ നിർമാർജ്ജന ദിനമായി ആചരിക്കുന്നത്. രാജ്യമെമ്പാടും ഇതിൻറെ ഭാഗമായി ബോധവൽക്കരണ കാമ്പെയ്നുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

******************************************

## CRICKET PREPARATION (INTRO)

തിരുവനന്തപുരത്ത് നാളെ നടക്കുന്ന ഇന്ത്യാ ന്യൂസിലാൻറ് ട്വന്റി-20 ക്രിക്കറ്റ് മൽസരത്തിന്റെ പശ്ചാത്തലത്തിൽ നഗരത്തിൽ സുരക്ഷാ സന്നാഹങ്ങൾ ശക്തമാക്കി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി......**

(വോയ്സ്)

******************************************

## CRICKET – WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് ഗുജറാത്ത് ജയൻറ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. വഡോദരയിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു യുപി വാരിയേഴ്സിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി.

******************************************

## GUTERRES –FTA

ഇന്ത്യയ്ക്കും യൂറോപ്യൻ യൂണിയനുമിടയിലെ സ്വതന്ത്ര വ്യാപാര കരാർ ബഹുരാഷ്ട്ര കേന്ദ്രീകൃത രീതിയുടെ പ്രാധാന്യം വ്യക്തമാക്കുന്നതായി യുഎൻ മേധാവി അൻറോണിയോ ഗുട്ടറസ്. അന്താരാഷ്ട്ര പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ ഏതെങ്കിലും ഒരു രാജ്യത്തിന് മാത്രമായി കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര നാണയ നിധിയും സ്വതന്ത്ര വ്യാപാര കരാറിനെ സ്വാഗതം ചെയ്തു. ആഗോള രംഗത്തെ വ്യാപാര പ്രതിസന്ധികൾക്കിടയിലും, പ്രായോഗികമായ വ്യാപാര കരാറുകൾ രൂപം കൊള്ളുന്നു എന്നതിൻറെ ഉദാഹരണമാണ് ഇതെന്നും ഐ.എം.എഫ് വ്യക്തമാക്കി.

****************************************

## MEA-ARAB MINISTERS MEET

രണ്ടാമത് ഇന്ത്യ -അറബ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ സൊമാലിയ വിദേശകാര്യ, മന്ത്രി അബ്ദുസ്സലാം അലി ന്യൂഡൽഹിയിലെത്തി. ഇന്ത്യയും സൊമാലിയയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ആഴത്തിലാക്കാൻ സന്ദർശനം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

****************************************

## CHHATTISGARH-MAOISTS

ഛത്തീസ്ഗഢിലെ സുക്മ ജില്ലയിൽ നാല് മാവോയിസ്റ്റുകൾ ഇന്ന് കീഴടങ്ങി. കീഴടങ്ങിയ മാവോയിസ്റ്റുകളിൽ രണ്ട് വനിതകളും ഉൾപ്പെടുന്നു. എട്ട് ലക്ഷം രൂപ സർക്കാർ പാരിതോഷികം പ്രഖ്യാപിച്ചിരുന്ന മാവോയിസ്റ്റുകളാണ് കീഴടങ്ങിയത്.

****************************************************************************************************************